LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പത്താം സമ്മേളനം

1985 സെപ്റ്റംബർ 11, ബുധൻ

വാല്യം LXV(A)] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 1985 സെപ്റ്റംബർ 11-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

1. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

വിദ്യാലയങ്ങളുടെയും ആരാധനാലയങ്ങളുടെയും സമീപത്ത് സ്ഥിതി ചെയ്യുന്ന ബാറുകളും മദ്യഷാപ്പുകളും

* 93. [135] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
,, കാനം രാജേന്ദ്രൻ :
,, എം. കെ. കേശവൻ :
,, പി. സീതിഹാജി :
,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ എന്നിവയുടെ സമീപത്തായി ബാറുകളോ മദ്യഷാപ്പുകളോ സ്ഥിതിചെയ്യുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രയെന്നും, അവയുടെ ജില്ല തിരിച്ചുള്ള കണക്കും വ്യക്തമാക്കുമോ ;

(സി) ആരാധനാലയങ്ങളുടെയും വിദ്യാലയങ്ങളുടെയും 400 മീറ്റർ അകലെ മാത്രമേ ഹോട്ടലുകളിൽ ബാർ ലൈസൻസ് അനുവദിക്കാവൂ എന്നു വ്യവസ്ഥ ചെയ്തുകൊണ്ട് അബ്കാരി നിയമത്തിൽ ഭേദഗതി വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ) :

(എ) ഉണ്ട്.

(ബി) വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ എന്നിവയുടെ സമീപത്ത് പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, ചാരായഷാപ്പുകൾ, വിദേശമദ്യ ചില്ലറ വില്പനശാലകൾ എന്നിവയുടെ ജില്ലതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. † വിദേശമദ്യ മൊത്ത വില്പനശാലകളുടേയും ബാറുകളുടേയും വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ആദ്യത്തെ ചോദ്യത്തിന്റെ ഉത്തരമായി ഉണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇങ്ങനെ സമീപത്തായുള്ള മദ്യഷാപ്പുകൾ എടുത്തുമാറ്റാൻവേണ്ടി ജനപ്രതിനിധികളും മറ്റും മെമ്മോറാണ്ടം മുഖേന അഭ്യർത്ഥിച്ചാൽ വല്ല പരിഗണനയും കൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : തീർച്ചയായും തയ്യാറാകും.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : അതുപോലെ നിശ്ചിത ദൂരം റിലാക്സ് ചെയ്തുകൊണ്ട് മദ്യഷാപ്പിനോ ബാറുകൾക്കോ അനുമതി കൊടുത്തോ എന്നും അനുമതി കൊടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുവോ യെന്നും വ്യക്തമാക്കാമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : വ്യവസ്ഥയനുസരിച്ച് ബോർഡ് ഓഫ് റവന്യൂവിന് നിശ്ചിത അകലത്തിൽ മദ്യഷാപ്പുകൾ നടത്താൻ സ്പെഷ്യൽ റിസൺസിന്റെ അടിസ്ഥാനത്തിൽ നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകാം.

ശ്രീ. എം. കെ. കേശവൻ : സർ, ചോദ്യം (ബി)യുടെ ഉത്തരമായി വിവരങ്ങൾ ശേഖരിച്ചു വരുന്നുവെന്നാണ് പറഞ്ഞത്. പന്ത്രണ്ട് ദിവസം ങ്ങൾക്ക് മുമ്പ് ചോദ്യം അയച്ചുകഴിഞ്ഞാൽ ആ ചോദ്യത്തിന് ഈ സഭയിൽ ന്യായമായ ഉത്തരം കിട്ടുമെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. ഇങ്ങനെ ചോദ്യം അയച്ചുകാത്തിരുന്നതിനുശേഷം വിവരങ്ങൾ ശേഖരിച്ചുവരുന്നു എന്ന് പറയുന്നത് ശരിയല്ല. അതുകൊണ്ട് ഇതിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ ഹാജരാക്കാൻ കഴിയുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : കള്ളുഷാപ്പുകൾ, ചാരായഷാപ്പുകൾ, ചില്ലറ വിൽപ്പനശാലകൾ എന്നിവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റുകൾ അനുബന്ധമായി നൽകിയിട്ടുണ്ട്. ഹോംസെയിൽ ഷാപ്പിനായും ബാർ അറ്റാച്ച്ഡ് ഹോട്ടലുകളുടേയും വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ശ്രീ. എം. കെ. കേശവൻ : വൈയ്ക്കത്ത് വെൽഫയർ പള്ളി, സി.എസ്. ഐ. പള്ളി എന്നീ ആരാധനാലയങ്ങളുടെ നൂറ് മീറ്ററിനുള്ളിൽ ആണ് വയ്ക്കത്തെ വിദേശമദ്യ മൊത്ത വ്യാപാരശാല സ്ഥിതി ചെയ്യുന്നത്. ആ വിദേശമദ്യ മൊത്തവ്യാപാരശാലയിൽ ചില്ലറ കച്ചവടംകൂടി നടക്കുന്നുണ്ടെന്നുള്ള കാര്യം ആരാധനാലയത്തിലെ ഉത്തരവാദപ്പെട്ട ആളുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്താൻവേണ്ടി പരാതി അയച്ചു. ഇത്തരം പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനെന്ത് നടപടി സ്വീകരിച്ചു ?

ശ്രീ. എൻ. ശ്രീനിവാസൻ : ഹോംസെയിൽ വിദേശമദ്യ ഷാപ്പുകൾക്ക് നിലവിലുള്ള നിയമമനുസരിച്ച് ഈ ദൂരം നിബന്ധനയ്ക്ക് വിധേയമല്ല. പക്ഷേ അവിടെ ചില്ലറ വില്പന നടത്തുന്നുവെന്നുള്ള ആക്ഷേപങ്ങൾ വന്നാൽ അതിനെക്കുറിച്ച് പരിശോധിച്ച് തീർച്ചയായും വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സീതിഹാജി : അങ്ങ് തന്നെ നേരത്തെ പറഞ്ഞിട്ടുണ്ട്, ചോദ്യലിസ്റ്റിലെ ചോദ്യകർത്താക്കൾക്ക് എല്ലാം അനുബന്ധം നൽകില്ല, മേശപ്പുറത്ത് വയ്ക്കാമെന്ന്. ഇപ്പോൾ മന്ത്രി മറുപടി പറഞ്ഞപ്പോൾ അനുബന്ധമായി ചേർത്തിട്ടുണ്ടെന്ന് പറഞ്ഞു. അതുകൊണ്ട് നമുക്ക് സപ്ലിമെന്ററി ചോദ്യം ചോദിക്കാൻ ബുദ്ധിമുട്ടുണ്ട്.

മി. സ്പീക്കർ : വിവരങ്ങൾ ശേഖരിക്കാൻ കുറെ സമയമെടുക്കും.

ശ്രീ. പി. സീതിഹാജി : ഇവിടെ മന്ത്രി പറഞ്ഞത് ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി വച്ചിട്ടുണ്ടെന്നാണ്.

ശ്രീ എൻ. ശ്രീനിവാസൻ : കള്ള്, ചാരായം എന്നിവയുടെ റീട്ടെയിൽ വിൽപ്പന ലിസ്റ്റ് ചേർത്തിട്ടുണ്ട്.

ശ്രീ. പി. സീതിഹാജി : ആരാധനാലയങ്ങളുടെ അടുത്ത് സ്ഥിതി ചെയ്യുന്ന ബാറുകൾ നിരുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ എൻ. ശ്രീനിവാസൻ : നാനൂറ് മീറ്ററിനുള്ളിൽതന്നെ ഹോട്ടൽ സെയിൽ ഷാപ്പും ബാർ അറ്റാച്ച്ഡ് ഹോട്ടലുകളും നടത്താൻ ഇന്നത്തെ നിയമം ബാധകമല്ല. പക്ഷേ അത് ബാധകമാക്കാൻ ഉള്ള ഭേദഗതി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, മാള നിയോജക മണ്ഡലത്തിലെ പുത്തൻചിറ പള്ളിക്ക് മുമ്പിൽ നിയമവിരുദ്ധമായി നടത്തിവരുന്ന ചാരായ ഷാപ്പ് അവിടെനിന്ന് മാറ്റുന്നതിന് ഇന്നേക്ക് 165 ദിവസങ്ങളായി ഷാപ്പിന്റെ മുമ്പിൽ നാട്ടുകാരുടെ പിക്കറ്റിങ്ങും സത്യാഗ്രഹവും നടക്കുകയാണ്. ഒരു വൈദികനടക്കം നൂറ് കണക്കിനാളുകളെ പോലീസ് അറസ്റ്റ് ചെയ്തു. അനധികൃതമായി നടത്തുന്ന ഈ ചാരായഷാപ്പ് മാറ്റാനുള്ള സത്വരനടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : സ്പെഷ്യൽ പെർമിറ്റ് അനുസരിച്ചായിരിക്കും ആ ഷാപ്പ് നടത്തുന്നത്. അതുകൊണ്ട് അനധികൃതമല്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ : സ്പെഷ്യൽ പെർമിറ്റ് റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : ഇതുവരെ നടപടിയെടുക്കാൻ ആലോചിച്ചിട്ടില്ല.

ശ്രീ. വി ദിനകരൻ : അങ്ങ് സൂചിപ്പിച്ചതുപോലെ ഈ രാജ്യത്ത് ചായക്കടകളെക്കാൾ ചാരായഷാപ്പുകളും ബാറുകളും കൂടുതലായി പെരുകിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. ദേവാലയങ്ങളുടേയും ആരാധനാലയങ്ങളുടേയും പരിസരത്തുനിന്ന് ഇത് മാറ്റാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ ദേവാലയങ്ങളും ആരാധനാലയങ്ങളും അവിടെനിന്ന് മാറ്റാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : ദേവാലയങ്ങളും ആരാധനാലയങ്ങളും മാറ്റാനുള്ള അധികാരം എക്സൈസിനില്ല.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : കഴിഞ്ഞ നിയമസഭയിൽ ദേവാലയങ്ങളുടെ അടുത്ത് ബാറുകൾക്ക് ലൈസൻസ് കൊടുക്കുന്നതിനെക്കുറിച്ച് പരിഗണിക്കുകയില്ല എന്ന് പറഞ്ഞതിനുശേഷം പല ദേവാലയങ്ങൾക്കു മുമ്പിലും, ഉദാഹരണമായി ഗുരുവായൂരിൽ ഇപ്പോൾ മൂന്ന് ബാറുകൾക്ക് ലൈസൻസ്

LIBRARY ARCHIVES Kerala Legislative Assembly

നൽകിക്കഴിഞ്ഞു. ഇങ്ങനെ ഇതിന്റെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. ഈ സ്ഥിതി മാറുന്നതിന് നിയമഭേദഗതി വരുന്നതുവരെ കൂടുതലായിട്ട് ലൈസൻസ് കൊടുക്കില്ലായെന്നുള്ള നയം സ്വീകരിക്കാൻ കഴിയുമോ ? ഇതിനെതിരായിട്ട് രാജ്യത്ത് നടക്കുന്ന പല പ്രക്ഷോഭണങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. എൻ. ശ്രീനിവാസൻ : നിയമഭേദഗതി ചെയ്യുന്നതുവരെ അങ്ങനെ അനുവദം കൊടുക്കരുതെന്ന് പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്, നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്.

ശ്രീ. ഇ. ജെ. ലൂക്കോസ് : സർ, കോട്ടയം പട്ടണത്തിൽ ശാസ്ത്രി റോഡിൽ ഉള്ള കള്ളുഷാപ്പ് അവിടത്തെ പള്ളിയുടെ മുമ്പിലാണ് സ്ഥിതി ചെയ്യുന്നത്. പള്ളി പിന്നീട് പണിതതാണ്. അടുത്ത ലേലത്തിനെങ്കിലും ഈ ഷാപ്പ് മാറ്റിവയ്ക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : ആ ഷാപ്പിന് പെർമിഷൻ കൊടുക്കാതിരിക്കാൻ നോക്കുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : നിയമം ഭേദഗതിചെയ്യുമെന്ന് പറഞ്ഞു. ഈ സമ്മേളനത്തിൽതന്നെ ഭേദഗതികൊണ്ടുവരുമോ, അതോ സമ്മേളനം കഴിഞ്ഞാൽ എത്ര ദിവസത്തേയ്ക്കെങ്കിലും ഓർഡിനൻസായി കൊണ്ടുവരുമോ; ഏത് കാലാവധിക്ക് കൊണ്ടുവരും എന്ന് പറയാമോ ?

ശ്രീ. എൻ ശ്രീനിവാസൻ : ഭേദഗതി തയ്യാറാക്കി ലാ ഡിപ്പാർട്ടുമെന്റിനയച്ചിട്ടുണ്ട്. അവിടെനിന്ന് തിരിച്ച് വന്നിട്ടില്ല.

ശ്രീ. ബെന്നിബഹനാൻ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ദേവാലയങ്ങളുടേയും ആരാധനാലയങ്ങളുടേയും അടുത്തുള്ള ഷാപ്പുകൾ മാറ്റുന്നതിനുവേണ്ടി നിയമസഭാ സാമാജികൻമാർ കത്ത് തന്നാൽ പരിഗണിക്കാമെന്ന്. എന്റെ നിയോജകമണ്ഡലത്തിലെ രാമമംഗലം പഞ്ചായത്തിൽ മൈരമലയിൽ ഒരു ഷാപ്പു മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിയമസഭാസാമാജികനായ ഞാനൊരു കത്ത് തന്നികയും അവിടെ കഴിഞ്ഞ നാലു മാസങ്ങളായി സമരം നടക്കുകയുമാണ്. അവിടത്തെ ഷാപ്പ് കോൺട്രാക്ടർമാർ സമരം നടത്തുന്ന ആളുകളെ വണ്ടികയറ്റി കൊല്ലാൻ പോലും തയ്യാറാവുകയാണ്. ഇത് കണക്കിലെടുത്തുകൊണ്ട് ആ ഷാപ്പ് അവിടെ നിന്ന് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : ആ ഷാപ്പ് മാറ്റിയില്ലെങ്കിൽ അത് സ്പെഷ്യൽ പെർമിറ്റനുസരിച്ച് നടത്തുന്നതായിരിക്കും.

ശ്രീ. കെ. പി. പ്രഭാകരൻ : സർ, 400 മീറ്ററിന്റെ പരിധി നിശ്ചയിച്ചിരിക്കുന്നത്, ദേവാലയങ്ങളുടെയും വിദ്യാലയങ്ങളുടെയും അടുത്ത് മദ്യഷോപ്പുകൾ പാടില്ലായെന്നുള്ളതുകൊണ്ടാണ്. പക്ഷെ ലൈസൻസ് കൊടുക്കുന്നതും പരിധി നിശ്ചയിക്കുന്നതും അംഗീകൃത ഷോപ്പുകളെ സംബന്ധിച്ചാണ്. ഒരു ചാരായ ഷോപ്പിന് രണ്ട് ഉപഷോപ്പുകൾ—ഇത് മന്ത്രിയുടെ കണക്കാണ് കാണിക്കുന്നത്. പതിനഞ്ചും ഇരുപതും ഉപഷോപ്പുകൾ ഇപ്പോഴുണ്ട്. അനധികൃതമായിട്ട് നടക്കുന്ന ഉപഷോപ്പുകൾ ആരാധനാലയങ്ങളുടെയും വിദ്യാലയങ്ങളുടെയും പുറകുവശത്ത് ധാരാളമായിട്ടുണ്ട്. അത് നിറുത്തുന്നതിന് വല്ല നടപടിയും എടുക്കാമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : അനധികൃതമായിട്ട് ഉപഷോപ്പുകൾ എവിടെയെങ്കിലും പ്രവർത്തിക്കുന്നുണ്ടെങ്കിൽ അത് നിറുത്തുവാനും തടയുവാനും വേണ്ടത് ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എസ്. ജോൺ : സർ, പല മാടക്കടകളിലും കളർ ചേർത്ത് ഡ്രിങ്കുസ് എന്ന രൂപേണ ചാരായം വിൽക്കുന്നുണ്ട്. അത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ എന്തു നടപടിയാണ് അതിൽ ഗവൺമെൻറ് സ്വീകരിക്കുന്നത് ?

ശ്രീ. എൻ. ശ്രീനിവാസൻ : അങ്ങനെ പരാതികൾ ലഭിച്ചിട്ടുണ്ട്. വേണ്ടത് ചെയ്യണമെന്ന് എക്സൈസ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : ആരാധനാലയങ്ങളുടെയും ഷോപ്പുകളുടെയും എണ്ണം അനുദിനം വർദ്ധിച്ചു വരുന്ന ഈ സാഹചര്യത്തിൽ ഷോപ്പുകൾക്കുള്ള സ്ഥലത്ത് ആരാധനാലയങ്ങൾ ഉണ്ടാകാതിരിക്കുവാനും ആരാധനാലയങ്ങളുടെ അടുത്ത് ഷോപ്പുകൾ ഉണ്ടാകാതിരിക്കുവാനും ഒരു നിശ്ചിത സ്ഥലത്ത് ഒരു ചാരായക്കട എന്നുപറഞ്ഞ് ഒരു കട ഗവൺമെൻറ് ഉണ്ടാക്കുകയും അത് ലേലം ചെയ്യുമ്പോൾ ആ സ്ഥലം കൂടികൊടുക്കുകയും ചെയ്തുകൊണ്ട് ഈ കുഴപ്പം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കാമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : ലേലം ചെയ്യുമ്പോൾത്തന്നെ ആരാധനാലയങ്ങൾക്കും വിദ്യാലയങ്ങൾക്കും ഇത്ര ദൂരത്തിനുള്ളിൽ ഷോപ്പ് സ്ഥാപിക്കാൻ പാടില്ലായെന്ന നിബന്ധനയുണ്ട്.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : സർ, ബഹുമാനപ്പെട്ട ലോനപ്പൻ നമ്പാടന്റെ ചോദ്യത്തിന് മറുപടിയായി മന്ത്രി പറഞ്ഞു, ചില സ്പെഷ്യൽ ഓർഡറിന്റെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പള്ളികളുടെയും മുമ്പാകെ ഇപ്പോഴും ഷോപ്പുകൾ നടത്തുന്നത് എന്ന്. അത്തരം സ്പെഷ്യൽ പെർമിറ്റ് എന്നു പറയുന്നത് എന്താണ് ? അത് ഗവൺമെൻറിന്റെ നയമാണോ ? അങ്ങനെ ഒരു നയം മാറ്റാൻ ആവശ്യമായ നടപടിയെക്കുറിച്ച് ഗവൺമെൻറിന്റെ അഭിപ്രായമെന്താണ് ?

ശ്രീ എൻ. ശ്രീനിവാസൻ : സ്പെഷ്യൽ പെർമിറ്റ് കൊടുക്കാൻ റൂൾസ് അനുസരിച്ച് എക്സൈസ് കമ്മീഷണർക്ക് അധികാരമുണ്ട്. ആ അധികാരം ഉപയോഗിച്ചാണ് സ്പെഷ്യൽ സാങ്ഷൻ നൽകുന്നത്. അതിന്റെ പ്രത്യേക കാരണങ്ങൾ ഉത്തരവിൽ പറയേണ്ടതുണ്ട്.

ശ്രീ ആർ. എസ്. ഉണ്ണി : സർ, ഈ രാജ്യത്ത് വളർന്നു വരുന്ന മദ്യാസക്തി മൂലം ഉണ്ടാകുന്ന സാമൂഹ്യ പ്രശ്നങ്ങളൊക്കെ കണക്കിലെടുത്തുകൊണ്ട് മദ്യ നിരോധനം ഏർപ്പെടുത്താൻ തയ്യാറാകുമോ ?

ശ്രീ. എൻ ശ്രീനിവാസൻ : തയ്യാറാകില്ല.

ശ്രീ. ജോസ് കുറ്റിയാനി : സർ, ബാറുകൾ അനുവദിക്കുന്നതിന് ആരാധനാലയങ്ങളുടെയും സ്കൂളുകളുടെയും അകലം പ്രശ്നമല്ലെന്ന് മന്ത്രി പറഞ്ഞു. പക്ഷെ ഹോട്ടലുകളിൽ ബാറ് അനുവദിക്കുന്നതിന് ഇത്ര എയർ കണ്ടീഷൻഡ് റൂമുകൾ വേണമെന്നും വെസ്റ്റേൺ ക്ലോസെറ്റുകൾ വേണമെന്നുമുള്ളനിയമം നിലവിലുണ്ട്. ഒറ്റ എയർ കണ്ടിഷണർ പോലും ഇല്ലാത്ത ഏതെങ്കിലും ഹോട്ടലിന് നമ്മുടെ സംസ്ഥാനത്ത്, ഈ ഗവൺമെൻറ് വന്നതിനുശേഷം ബാർ ലൈസൻസ് കൊടുത്തിട്ടുണ്ടോ ? ഉണ്ടെങ്കിൽ അത് വ്യക്തമാക്കാൻ തയ്യാറാകുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : അസിസ്റ്റൻറ് എക്സൈസ് കമ്മിഷണർ കെട്ടിടം പരിശോധിച്ച് റിപ്പോർട്ടയയ്ക്കുന്നതിന്റെ അടിസ്ഥാനത്തിൽ ബാർ ലൈസൻസ് കൊടുക്കുന്നതിന് എന്തെങ്കിലും കുഴപ്പമുണ്ടെങ്കിൽ ബാർ ലൈസൻസ് കൊടുക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണ പിള്ള : അനധികൃതമായി മദ്യഷോപ്പുകൾ ധാരാളം പെരുകുന്നുണ്ട്. ഫലപ്രദമായ നടപടി സർക്കാരിന് എടുക്കാൻ കഴിയുന്നില്ല. ഗവൺമെന്റ് ലൈസൻസ് ഇല്ലെങ്കിലും എസ്. ആർ. പി. ലൈസൻസ് ഈ ഉപഷോപ്പുകൾക്ക് ഉണ്ടെന്ന് പറയുന്നത് ശരിയാണോ ?

ശ്രീ. എൻ. ശ്രീനിവാസൻ : ശരിയല്ല.

ശ്രീ. പി. ഭാസ്കരൻ : സർ, കണ്ണൂർ ജില്ലയിൽ പല ഭാഗങ്ങളിലും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ ഉപഷോപ്പിന് സ്പെഷ്യൽ ഓർഡർ കൊടുത്തതായി അറിയുന്നു. ഇതു സംബന്ധിച്ച് വല്ല നിവേദനവും മന്ത്രിക്ക് കിട്ടിയിട്ടുണ്ടോ ?

ശ്രീ. എൻ. ശ്രീനിവാസൻ : അവിടത്തെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ സ്പെഷ്യൽ പെർമിറ്റ് നൽകിയതായി നിവേദനം വന്നിട്ടുണ്ട്. അതിനെക്കുറിച്ച് അന്വേഷിക്കുന്നുണ്ട്.

ശ്രീ. ഒ. ഭരതൻ : സർ, ഹൈന്ദവ ആരാധനാലയങ്ങളിൽ ഉൽസവം നടക്കുന്ന സന്ദർഭത്തിൽ പോലീസുകാരുടെയും എക്സൈസ് വകുപ്പിന്റെയും അറിവോടും സമ്മതത്തോടുംകൂടി താല്ക്കാലിക മദ്യഷോപ്പുകൾ പ്രവർത്തിച്ചു വരുന്നതായി മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എൻ. ശ്രീനിവാസൻ : അതിനെക്കുറിച്ച് ചില പരാതി കിട്ടിയിരുന്നു. അത് അന്വേഷിക്കുകയും ചെയ്തു. അങ്ങനെയൊന്നും ഇല്ലെന്നാണ് റിപ്പോർട്ട്.

ശ്രീ. എസ്. ആർ. തങ്കരാജ് : സർ, നെയ്യാറിൻകര പട്ടണത്തിന്റെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്ന രണ്ടു പ്രധാനമായ ആരാധനാകേന്ദ്രങ്ങളാണ് ശ്രീകൃഷ്ണ സ്വാമി ക്ഷേത്രവും മുത്താരമ്മൻ കോവിലും. ശ്രീകൃഷ്ണസ്വാമി ക്ഷേത്രം വളരെ ചരിത്ര പ്രാധാന്യമുള്ള ക്ഷേത്രമാണ്. അതിന്റെ തൊട്ടടുത്തായി രു വിദേശ മദ്യഷോപ്പും മുത്താരമ്മൻ കോവിലിന്റെ അടുത്തായി ഒരു നാടൻ മദ്യഷോപ്പും സ്ഥിതി ചെയ്യുന്നു. അത് നൂറടി പോലും അകലത്തിലല്ല ഇരിക്കുന്നത്. അതിനെതിരെ നടപടിയെടുക്കാൻ ഭയവുണ്ടാകുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : തീർച്ചയായും നടപടിയെടുക്കുന്നതാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, ദൈവ വിശ്വാസിയല്ലാത്ത സഖാവ് എൻ. കെ. കൃഷ്ണൻ അധികാരത്തിലിരുന്നപ്പോൾ വിദേശ മദ്യഷോപ്പുകൾക്കും മറ്റും ആരാധനാലയങ്ങളുടെ അടുത്ത് ലൈസൻസ് നൽകിയിരുന്നില്ല. ഇപ്പോൾ ദൈവ വിശ്വാസിയായ മന്ത്രി ശ്രീ. എൻ. ശ്രീനിവാസൻ ഭരിക്കുമ്പോൾ, ആരാധനാലയങ്ങളുടെ മുന്നിൽ ഈ മദ്യഷോപ്പുകൾ അനുവദിക്കുന്നത് അങ്ങ് വിശ്വസിക്കുന്ന ദൈവങ്ങൾക്ക് ഭയത്തിൽ ആസക്തിയുള്ളതു കൊണ്ടാണോ ?

ശ്രീ. എൻ. ശ്രീനിവാസൻ : റൂൾസിന് വിധേയമായി മാത്രമേ അത് അനുവദിക്കുകയുള്ളൂ.

ശ്രീ. കെ. ജെ. ജോർജ് : സർ, ഇപ്പോൾ ഒരു ഷോപ്പിന് രണ്ട് ഉപഷോപ്പുകൾ വീതം അനുവദിക്കുന്നുയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ രണ്ട് ഉപഷോപ്പുകൾ ഇല്ലായ്മ ചെയ്ത് ജനങ്ങളെ രക്ഷിക്കാൻ നടപടിയെടുക്കുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : ഉപഷോപ്പുകൾ നിർത്തിവയ്ക്കാൻ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. ചക്രപാണി : ശ്രീ. ആർ. എസ്. ഉണ്ണിയുടെ ചോദ്യത്തിന് മറുപടിയായി മന്ത്രി പറഞ്ഞത് മദ്യനിരോധനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ലായെന്നാണ്. ഒരു ടോട്ടൽ പ്രൊഹിബിഷൻ വേണ്ട. പാർഷ്യലായിട്ട് പ്രൊഹിബിഷനു നടപടിയെടുക്കാമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : ഭാഗീകമായിട്ട് നടപടിയെടുക്കാൻ ആലോചനയില്ല.

ഗാർഹിക കണക്ഷൻ

* 94. [136] ശ്രീ. കെ. പി. പ്രഭാകരൻ :
,, കാനം രാജേന്ദ്രൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. ഇ. ഇസ്മയിൽ :
,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യുച്ഛക്തി കണക്ഷൻ നൽകുന്നതിനുള്ള കോൺട്രിബ്യൂഷൻ വ്യവസ്ഥയിൽ നിന്നും ഗാർഹിക കണക്ഷനുകളെ ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ ;

(ബി) അതിനുശേഷം കോൺട്രിബ്യൂഷൻ വാങ്ങി ഗാർഹിക കണക്ഷൻ കൊടുക്കാൻ സ്പെഷ്യൽ ഓർഡറുകൾ നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതുവരെ എത്ര പേർക്ക് കൊടുത്തു ;

(ഡി) കോൺട്രിബ്യൂഷനായി ഈടാക്കിയ സംഖ്യ എത്ര ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്. 1-4-1985–മുതൽ.

(ബി) ഉണ്ട്.

(സി) 1-4-85-നു ശേഷം 4724 പേർക്ക്.

(ഡി) 21,81,161 രൂപ.

ശ്രീ. കെ. പി. പ്രഭാകരൻ : സർ, കോൺട്രിബ്യൂഷൻ സമ്പ്രദായം പൂർണ്ണമായി നിർത്തലാക്കണമെന്നുള്ള ആവശ്യം ഉയർന്നു വന്നതിനെത്തുടർന്ന് ആ സമ്പ്രദായം തെറ്റാണെന്ന് ഹൈക്കോടതിയുടെ ഒരു പരാമർശനം വന്നതിനു ശേഷം അത് പൂർണ്ണമായി നിർത്തലാക്കുമെന്ന് ഈ മന്ത്രി ഈ സഭയിൽ പ്രഖ്യാപിക്കുകയും അതിനുശേഷമാണ് ബോർഡ് ഗാർഹിക കണക്ഷൻ മാത്രം ഒഴിവാക്കിക്കൊണ്ട് ഒരു തീരുമാനം എടുക്കുകയും ചെയ്തത്. ഇപ്പോൾ മന്ത്രി പറഞ്ഞ ഉത്തരവനുസരിച്ച് ആ ഉത്തരവ് ഫലത്തിൽ ഇല്ലാതിരിക്കുകയാണ്. ഗാർഹിക കണക്ഷൻ നിർത്തലാക്കിക്കൊണ്ട് ബോർഡ് ഒരു തീരുമാനമെടുക്കുകയും സ്പെഷ്യൽ ഓർഡർ വഴി ചുരുങ്ങിയ മാസത്തിനുള്ളിൽ തന്നെ 4724 കണക്ഷൻ കൊടുക്കുകയും 21 ലക്ഷം രൂപ പിരിക്കുകയും ചെയ്തു. ഫലത്തിൽ ഈ നിയമസഭക്ക് മന്ത്രി നൽകിയ വാഗ്ദാനവും അതനുസരിച്ച് ബോർഡ് പുറപ്പെടുവിച്ച ഉത്തരവും ഗവൺമെന്റ് പരാജയപ്പെടുത്തിയതും എന്തു നയത്തിന്റെ അടിസ്ഥാനത്തിലാണ്? അതിന്റെ പ്രത്യേക സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 93 (135) കാണുക]
[വിദേശമദ്യ മൊത്ത വില്പനശാലകളും ബാറുകളും ഒഴിച്ച്]

ജില്ല	കള്ളു ഷാപ്പുകൾ	ചാരായ ഷാപ്പുകൾ	വിദേശമദ്യ ചില്ലറ വില്പന ശാലകൾ
തിരുവനന്തപുരം	31	120	7
കൊല്ലം	7	8	3
പത്തനംതിട്ട	9	18	2
ആലപ്പുഴ	144	59	5
കോട്ടയം	71	52	6
എറണാകുളം	101	158	9
ഇടുക്കി	9	6	2
തൃശ്ശൂർ	34	61	3
പാലക്കാട്	12	36	4
മലപ്പുറം	40	41	1
കോഴിക്കോട്	38	77	6
വയനാട്	18	93	5
കണ്ണൂർ	10	43	2
കാസർകോട്	—	—	—
ആകെ	524	772	55

അനുബന്ധം II

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 96 (138) കാണുക]
ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന പാലങ്ങൾ

നാഷണൽ ഹൈവെ :

1. കുമ്പളം അരൂർ പാലം
2. കോട്ടപ്പുറം പാലം
3. ചേറുവാ പാലം
4. കുറിക്കോൽ പാലം
5. ചന്ദ്രഗിരിപ്പാലം
6. കോട്ടക്കടവ് പാലം

LIBRARY ARCHIVES Kerala Legislative Assembly